**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നം. **2630** 17-10-2016-ന് മറുപടി നൽകേണ്ടത്

**<u>മുഖ്യമന്ത്രിയുടെ ഉപദേഷ്ടാക്കൾ</u>**

**ചോദ്യം**

ശ്രീ. വി.ടി.ബൽറാം

ശ്രീ. പി.ടി.തോമസ്

**ഉത്തരം**

ശ്രീ. പിണറായി വിജയൻ

(മുഖ്യമന്ത്രി)

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| (എ) | മുഖ്യമന്ത്രിയുടെ ഉപദേഷ്ടാക്കളായി ആരെയെല്ലാം ഏതെല്ലാം വിഷയങ്ങളിലാണ് നിയമിച്ചിട്ടുള്ളത്; നിയമന ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ: | (എ) | മുഖ്യമന്ത്രിയുടെ പ്രസ്സ് അഡ്വൈസറായി ശ്രീ.പ്രഭാകര വർമ്മയെയും, സയന്റിഫിക്ക് അഡ്വൈസറായി ശ്രീ.എം.ചന്ദ്രദത്തനെയും, മീഡിയ അഡ്വൈസറായി ശ്രീ.ജോൺ ബ്രിട്ടാസിനെയും, ലീഗൽ അഡ്വൈസറായി അഡ്വ.എം.കെ.ദാമോദരനെയും (അദ്ദേഹം പദവി ഏറ്റെടുത്തിട്ടില്ല) സാമ്പത്തിക ഉപദേഷ്ടാവായി ശ്രീമതി.ഗീതാഗോപിനാഥിനെയും നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിൽ സാമ്പത്തിക ഉപദേഷ്ടാവിന് ഇന്ത്യൻ പൗരത്വം ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ : | ബി) & സി) | ഉപദേഷ്ടാക്കളുടെ നിയമനം ഭരണഘടനയുടെ ഭാഗം XIV -ൽ യൂണിയന്റെയും സംസ്ഥാനങ്ങളുടെയും കീഴിലുള്ള സർവ്വീസുകളിലേയ്ക്കുള്ള ഒരു റഗുലർ നിയമനമായി കണക്കാക്കാവുന്നതല്ല. അത്തരം നിയമനം ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 309 ന്റെ പരിധിയിൽ വരുന്നതല്ല. ആയതിനാൽ ഇന്ത്യൻ പൗരത്വം ഇല്ലായെന്നത് അത്തരത്തിലുള്ള നിയമനത്തിന് തടസ്സമാകുന്നതായി കാണുന്നില്ല. |
| (സി) | ഇല്ലെങ്കിൽ ഇന്ത്യൻ പൗരത്വം ഇല്ലാത്ത ആളെ പ്രിൻസിപ്പൽ സെക്രട്ടറി റാങ്കിൽ നിയമിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ:. | | |
| (ഡി) | മുഖ്യമന്ത്രിയുടെ ഉപദേഷ്ടാക്കൾ ഇതുവരെ ഏതെല്ലാം വിഷയങ്ങളിൽ എന്തെല്ലാം ഉപദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ: | ഡി) യും ഇ) യും | ഉപദേശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| ഇ) | ഇതിൽ ഏതെല്ലാം ഉപദേശങ്ങളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടു ണ്ടെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ.